ഭവന നിർമ്മാണ ബോർഡിൽ നിന്നെടുത്ത വായ്പയുടെ തിരിച്ചടവ്

212 (2244) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പത്തനാപുരം ശാഖയിൽ നിന്നും ലോൺ നമ്പർ PM/17/RM/MIG/93 പ്രകാരം എത്ര രൂപയുടെ വായ്പയാണ് എടുത്തിട്ടുള്ളത് ;

(ബി) പ്രസ്തുത വായ്പാ തുകയിൽ എത്ര രൂപ തിരിച്ചടച്ചിട്ടുണ്ട് ; നിലവിൽ ഇനി അടയ്ക്കാനുള്ള തുക എത്രയാണ് ;

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഈ വായ്പയിൽ എത്ര രൂപ തിരിച്ചടവ് വരും ;

(ഡി) ലോൺ എടുത്ത വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പയുടെ തിരിച്ചടവിൽ എന്തെങ്കിലും ഇളവുകൾ നൽകാറുണ്ടോ ;

(ഇ) ലോൺ എടുത്ത തുകയുടെ ഇരട്ടിയിലധികം തുക വായ്പാ തിരിച്ചടവായി ഈടാക്കുന്നത് നിയമവിധേയമാണോ ;

(എഫ്) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ഉള്ള ഫയൽ നമ്പർ CH/1442/10/KLM- പ്രകാരം വായ്പക്കാരന്റെ അപേക്ഷയിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭവനനിർമ്മാണ ബോർഡിന്റെ പത്തനാപുരം ശാഖയിൽ നിന്നും ശ്രീ. രാജു 1,00,000 രൂപയുടെ വായ്പയാണ് എടുത്തിട്ടുള്ളത്.

(ബി) പ്രസ്തുത വായ്പയിൽ 18,050 രൂപ തിരിച്ചടച്ചിട്ടുണ്ട്. 28-2-2011-ലെ കണക്കനുസരിച്ച് ഇനി 5,89,730 രൂപ അടയ്ക്കേണ്ടതായിട്ടുണ്ട്.

(സി) 28-2-2011-നകം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുസരിച്ച് അടയ്ക്കുകയാണെങ്കിൽ ഈ വായ്പയിൽ 3,05,050 രൂപ തിരിച്ചടവ് വരും.

(ഡി) വായ്പക്കാരൻ മരിച്ചു എന്ന കാരണത്താൽ ഇടത്തരം വരുമാന വിഭാഗത്തിൽപ്പെട്ട ഭവനവായ്പക്കായി പ്രത്യേക ഇളവുകൾ നൽകുന്നതിന് വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വായ്പാക്കരാർ അനുസരിച്ച് വായ്പതുക പലിശ, പിഴപലിശ, മുടക്കപലിശ, എന്നിവ ചേർത്ത് തിരിച്ചടയ്ക്കേണ്ടതുണ്ട്. ദീർഘകാല തിരിച്ചടവ് പദ്ധതിയായതിനാലും കൃത്യമായി തിരിച്ചടവ് നടത്താത്തതിനാലും ആണ് വായ്പാ തുക വലിയ സംഖ്യ വരുന്നത്.

(എഫ്) വായ്പാക്കാരന്റെ ഭാര്യ ശ്രീമതി ശ്രീദേവി ഭവനനിർമ്മാണ ബോർഡിന് നൽകിയ അപേക്ഷ പ്രകാരം തുടർ നടപടികൾക്കായി വായ്പാക്കാരന്റെ കുടുംബത്തിന്റെ വായ്പാ തിരിച്ചടവ് ശേഷിയും, മറ്റും റിപ്പോർട്ട് ചെയ്യുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് അയച്ചിട്ടുണ്ട്.

ഇടത്തരം വരുമാനക്കാരായ ഭവനവായ്പാ കുടിശ്ശികക്കാരെ സഹായിക്കാൻ സ്വീകരിച്ച നടപടി

213 (2245) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇടത്തരം വരുമാനക്കാർ എടുത്തിട്ടുള്ള ഭവനനിർമ്മാണ വായ്പയിൽ കുടിശ്ശിക വരുത്തിയവരെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവരെ സഹായിക്കുന്നതിന് 7-2-2004 മുതൽ ബോർഡിൽ പ്രാബല്യത്തിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഇടത്തരം വരുമാന വിഭാഗത്തിലുള്ള വായ്പാക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ വായ്പാ കണക്ക് അവസാനിപ്പിക്കുന്ന ഇടത്തരം വിഭാഗക്കാർക്ക് പിഴപ്പലിശ പൂർണ്ണമായും മുടക്കപ്പലിശയിൽ 70% ഉം മുതൽ ബാക്കിയിൽ 5% ഉം ഇളവ് ചെയ്യുന്നു. ഈ പദ്ധതി 30-6-2011 വരെ ദീർഘപ്പിച്ചിട്ടുണ്ട്. കൂടാതെ 22-5-2007-ലെ സർക്കാർ ഉത്തരവ് പ്രകാരം മൈത്രി, താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ മരിച്ചുപോയവരും, അശരണരും, മാരകരോഗം ബാധിച്ചവരും, വികലാംഗരും ആയവർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാർ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly